ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - വിവിധ സർക്കാർ പോളിടെക്നിക് കോളേജുകൾ -ലക്ചറർ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, , ലക്ചറർ ഇൻ ഫിസിക്സ്, ലക്ചറർ ഇൻ കെമിസ്ട്രി, ലക്ചറർ ഇൻ ഇംഗ്ലീഷ് അധ്യാപക തസ്തികയിൽ - താല്ക്കാലിക അദ്ധ്യാപക നിയമനം - പിന്സിപ്പാളിൻറെ നടപടി സാധൂകരിച്ച് - ഉത്തരവ് – പുറപ്പെടുവിക്കുന്നു -

---

**ജീവനക്കാര്യം (സി ) വിഭാഗം**

**നം.**DTETVM/6519/2024-EC3 (EC) **തിരുവനന്തപുരം, തീയതി : 06-11-2024**

---

വായന :- 1. 1.വിവിധ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽമാരുടെ കത്തുകൾ.

2. 11/02/2021-ലെ സ.ഉ. (അച്ചടി) നം.29/2021/ധന.

**<u>ഉത്തരവ്</u>**

വായന 1 പ്രകാരം, ചുവടെപ്പറയുന്ന സർക്കാർ പോളിടെക്നിക്ക് കോളേജുകളില് ഒഴിവുണ്ടായിരുന്ന ലക്ചറർ ഇന് കമ്പ്യൂട്ടർ എഞ്ചിനീയറിങ്, ലക്ചറർ ഇന് ഫിസിക്സ്, ലക്ചറർ ഇന് കെമിസ്ട്രി, ലക്ചറർ ഇന് ഇംഗ്ലീഷ് അധ്യാപക തസ്തികയിലേയ്ക്ക് ചുവടെ പറയുന്നവരെ താത്കാലിക നിയമനം നല്കിയ നടപടിക്കു സാധൂകരണം നല്കണമെന്നു ബന്ധപ്പെട്ട സര്ക്കാർ പോളിടെക്നിക്ക് കോളേജ് പ്രിന്സിപ്പല്മാർ ആവശ്യപ്പെട്ടിട്ടുണ്ട്.

1. ഗവ.പോളിടെക്നിക്ക് കോളേജ്, കണ്ണൂർ

| | |
|---|---|
| അസിസ്റ്റൻറ് പ്രൊഫസർ ഇൻ ഫിസിക്സ് | 1. ഡിപിൻ ഇ പി |
| | 2. ദേവിക പ്രദീപ് |
| അസിസ്റ്റൻറ് പ്രൊഫസർ ഇൻ കെമിസ്ട്രി | ഷമീന കെ കെ |
| അസിസ്റ്റൻറ് പ്രൊഫസർ ഇൻ ഇംഗ്ലീഷ് | ഹൃദ്യ ആർ |
| ലക്ചറർ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് | രമ്യ കെ വി |

2. ഗവ.പോളിടെക്നിക്ക് കോളേജ്,പെരിന്തൽമണ്ണ

| | |
|---|---|
| അസിസ്റ്റൻറ് പ്രൊഫസർ ഇൻ ഫിസിക്സ് | ഷാമിൽ കെ |

3.ഗവ.പോളിടെക്നിക്ക് കോളേജ്,മേപ്പാടി

| | |
|---|---|
| കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ലക്ചറർ | ലിബിറ്റ ജോർജ് |

പൂർണമായും അക്കാദമിക് താല്പര്യത്തിൽ സ്വീകരിച്ച സ്ഥാപന മേധാവിയുടെ പ്രസ്തുത നടപടിയെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന താൽക്കാലിക ലക്ചറർമാർക്ക് ദിവസ വേതനം 1455/- രൂപയും മാസ വേതനം പരമാവധി 39285/- രൂപയുമായിരിക്കും.

പ്രസ്തുത ഒഴിവിലേയ്ക്ക് സ്ഥിരം ജീവനക്കാരെ നിയമിക്കുന്ന പക്ഷം അല്ലെങ്കിൽ ഈ അധ്യയനവർഷാവസാനം (2024-25) വരെ മാത്രമേ താൽക്കാലികമായി അദ്ധ്യാപക തസ്തികയിൽ നിയമിച്ചവരെ തുടരാൻ അനുവദിക്കാവൂ. അതിനുശേഷം വിടുതൽ ചെയ്യേണ്ടതാണ്.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**Signed by Shalij P R**
**Date: 06-11-2024 22:08:45**